**സംസ്ഥാന ദാരിദ്രനിർമ്മാർജ്ജനമിഷൻ**
**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം: കുടുംബശ്രീ സിഡിഎസ് അക്കൗണ്ടന്റ് - യാത്രാബത്ത - അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു

സൂചന: 1) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 93/09/തസ്വഭവ തീയതി 30.5.2009
2)11/11/2010 ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ തീരുമാനം

**ഉത്തരവ് നമ്പർ കെ.എസ്/എം/1627/10 തീയതി 16/03/2010**

കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലെപ്പ്മെന്റ് സൊസൈറ്റികളിൽ കരാർ അടിസ്ഥാനത്തിൽ ബികോം- ബിരുദദാരികളായ അക്കൗണ്ടന്റ്മാരെ നിയമിക്കുന്നതിന് സൂചന 1 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതിനുസൃതമായി ജില്ലാ തലത്തിൽ നടത്തിയ പ്രത്യേക എഴുത്തു പരീക്ഷയുടേയും, അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ 832 സിഡിഎസുകളിൽ അക്കൗണ്ടന്റ്മാരെ നിയമിച്ചിട്ടുണ്ട്.

കുടുംബശ്രീ സംസ്ഥാന/ജില്ലാമിഷനുകളുടെ വിവിധ റിവ്യൂ മീറ്റംഗുകളിലും, പരിശീലനപരിപാടികളിലും സിഡിഎസ് അക്കൗണ്ടന്റ്മാർക്ക് പങ്കെടുക്കേണ്ടതുണ്ട്. കൂടാതെ ചുമതലാ - കർത്തവ്യനിർവ്വഹണത്തിന്റെ ഭാഗമായി കുടുംബശ്രീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി യാത്രകളും പഞ്ചായത്ത്- എഡിഎസ്- അയൽക്കൂട്ട തലങ്ങളിൽ അക്കൗണ്ടന്റ്മാർക്ക് നടത്തേണ്ടിവരുന്നുണ്ട്. സിഡിഎസ് അക്കൗണ്ടന്റ്മാരുടെ കൺസോളിഡേറ്റഡ് പ്രതിമാസ ശമ്പളം 5000/- രൂപയാണ്. ഔദ്യോഗിക യാത്രകളുമായി ബന്ധപ്പെട്ടുള്ള ചെലവുകളും ടി തുകയിൽ നിന്നുമാണ് അക്കൗണ്ടന്റ്മാർ നിലവിൽ നിർവ്വഹിക്കുന്നത്.. ഇത് അക്കൗണ്ടന്റ്മാരുടെ കാര്യക്ഷമമായ സേവന വിനിയോഗത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൂചയിലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം ഇക്കാര്യം പരിശോധിക്കുകയും സിഡിഎസ് അക്കൗണ്ടന്റ്മാരുടെ കുടുംബശ്രീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഔദ്യോഗിക യാത്രാ ചെലവുകൾ സിഡിഎസിന്റെ അഡിമിനിസ്ട്രേറ്റീവ് ഫണ്ടിൽ നിന്നും നൽകുന്നതിനുമുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിഡിഎസ് അക്കൗണ്ടന്റ്മാരുടെ കുടുംബശ്രീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യാത്രാബത്താ ചെലവുകൾ 300/- (മുന്നൂറ് രൂപ മാത്രം) എന്ന പ്രതിമാസ പരിധിക്ക് വിധേമായി അതത് സിഡിഎസിൽ ലഭ്യമായ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റിംഗ് നിന്നും നിർവ്വഹിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബന്ധപ്പെട്ട സിഡിഎസ് ഭരണസമിതിയുടെ അംഗീകാരത്തിനുവിധേമായി മാത്രമേ സിഡിഎസ് അക്കൗണ്ടന്റ്മാർക്ക് യാത്രാബത്ത അനുവദിക്കാവു എന്നും നിർദേശിക്കുന്നു.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ,
കുടുംബശ്രീ

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ സിഡിഎസുകൾക്കും (ജില്ലാമിഷൻ മുഖേന)
ഇ- സെക്ഷൻ
അംഗീകാരത്തോടെ

അക്കൗണ്ട്സ് ഓഫീസർ